"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2021 - ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.86/2024/Co-Op തീയതി,തിരുവനന്തപുരം, 10-02-2024

---

പരാമർശം:- 1. 05/04/2022 ലെ സ.ഉ(കൈ) നം.09/2022/സഹ നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 02/02/2024 ലെ RCS/9629/2023/MT-3 നമ്പർ കത്ത്.

**ഉത്തരവ്**

1969 ലെ കേരള കോ - ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് & റൂളിൽ സെക്ഷൻ 56 (സബ് സെക്ഷൻ 2), റൂൾ 53 ലെ സബ്റൂൾ 3 എ പ്രകാരം സഹകരണ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഫണ്ട് രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ഫണ്ടിന്റെ വിതരണവും വിനിയോഗവും സംബന്ധിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം-2021 അംഗീകരിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് 1969 ലെ സഹകരണ നിയമത്തിൽ ഉൾപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചാരിറ്റബിൾ ആക്ട് പ്രകാരം നിയന്ത്രിക്കപ്പെടുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ - ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) , തുടങ്ങിയവയ്ക്ക് ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു.

2) പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി 31/01/2024 ന് ചേർന്ന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ സംഘം രജിസ്ട്രാർ പരാമർശം രണ്ട് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കോ ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീമിൽ -2021 ഉൾപ്പടുത്തി, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)നും, സംസ്ഥാന സഹകരണയൂണിയനും, ചുവടെ

ചേർക്കും വിധം തുക റിലീസ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| സ്ഥാപനം | ഇനം | അനുവദിക്കുന്ന തുക(രൂപയിൽ) |
|---|---|---|
| കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) | ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി | 6,30,00,000/- (ആറ് കോടി മുപ്പത് ലക്ഷം രൂപ മാത്രം) |
| | വടക്കാഞ്ചേരിയിൽ നിർമ്മിച്ചു വരുന്ന (എഞ്ചിനീയറിംഗ് കോളേജ്) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് നഴ്സിംഗ് കോളേജും അനുബന്ധ കോഴ്സുകളും ആരംഭിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി | 4,00,00,000/- (നാല് കോടി രൂപ മാത്രം) |
| | പുന്നപ്ര സാഗര ആശുപത്രി - കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം | 5,00,00,000/- (അഞ്ച് കോടി രൂപ മാത്രം) |
| സംസ്ഥാന സഹകരണ യൂണിയൻ | കിക്മയിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിനായി | 25,09,060/- (ഇരുപത്തിയഞ്ച് ലക്ഷത്തി ഒൻപതിനായിരത്തി അറുപത് രൂപാ മാത്രം) |
| സംസ്ഥാന സഹകരണ | J.D.C/ H.D.C & B.M കോഴ്സുകളിൽ പഠിക്കുന്ന ഫീസ് ആനുകൂല്യത്തിന് അർഹതയില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന | 25,00,000/- |

| | | |
|---|---|---|
| യൂണിയൻ | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ വിദ്യാഭ്യാസ ആനുകൂല്യം, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി, നൽകുന്നതിന് | (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) |
| | ആകെ | 15,80,09,060/- (പതിനഞ്ച് കോടി എൺപത് ലക്ഷത്തി ഒൻപതിനായിരത്തി അറുപത് രൂപാ മാത്രം) |

4) പ്രസ്തുത തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും, ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ലഭ്യമാക്കി സഹകരണ സംഘം രജിസ്ട്രാർ കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, മുട്ടത്തറ, തിരുവനന്തപുരം.

ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, സഹകരണ ഭവൻ, തിരുവനന്തപുരം-1.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 12-02-2024 12:17:27